No. 161

September 2000

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

# വനിതാ സമ്മേളനം




എ.കെ.പി.സി.ടി.എ കോട്ടയം ഇടുക്കി ജില്ല വനിതാ സമ്മേളനം ആഗസ്റ്റ് 5-ാം തീയതി ശനിയാഴ്ച ബസേലിയസ് കോളജിൽ നടന്നു. സമ്മേളനം ഉത്ഘാടനം ശ്രീമതി സോണി കോമത്ത് (KSTA) നിർവഹിച്ചു. പൊതുവിദ്യാഭ്യാസമേഖലയിൽ ഇന്ന് നടക്കുന്ന മാറ്റങ്ങളും നാളെ നടക്കാൻപോകുന്ന രീതികളെക്കുറിച്ച് പ്രത്യേകിച്ച് വനിതകൾ ബോധവതികളാകേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ച് സോണി കോമത്ത് സംസാരിച്ചു.

സംഘടനാബോധം നമ്മുടെ കോളജുകളിലെ അദ്ധ്യാപികമാർക്ക് ഉണ്ടാകണമെന്നും ഭരണ നിർവ്വഹണത്തിൽ കാര്യമായ പങ്ക് വഹിക്കണമെന്നും. അദ്ധ്യക്ഷ പ്രസംഗത്തിൽ എ.കെ.പി.സി.ടി.എ വൈസ് പ്രസിഡന്റ് പ്രൊഫ.ലളിതാഭായി അഭ്യർത്ഥിച്ചു.

'ഉദ്യോഗസ്ഥകളും മാനസിക സംഘർഷവും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീമതി ആനി ചെറിയാൻ പ്രഭാഷണം നടത്തി.

സമ്മേളനത്തിൽ പ്രൊഫ.സദാശിവൻ നായർ, പ്രൊഫ.പി.ഡി.ശശിധരൻ, പ്രൊഫ. ഇ.വി.മാത്യു, ഡോ.സക്കറിയ ഉമ്മൻ എന്നിവർ സംസാരിച്ചു. പ്രൊഫ. വിജയലക്ഷ്മി സ്വാഗതവും സൂസൻ കൃതജ്ഞതയും രേഖപ്പെടുത്തി.

---



# *Selected*

Dr. G. Nagendra Prabhu, Lecturer in the Post Graduate Department of Zoology & Research Centre of SD College, Alappuzha has been selected for the International Training Programme in Biotechnology, organized by the German Research Centre for Biotechnology, Braunschweig, Germany. He is the only person from Kerala and one of the two Indians selected for the course entitled "Introduction to Industrial Biotechnology" from October 23rd to December 8th, 2000.

*Congratulations*

AKPCTA

KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

NO. 161 Sept. 2000

EDITORIAL BOARD

Chief Editor
R. Mohana Kaimal

Managing Editor
S.Jayaraj Kumar

Assistant Editor
V. Jayakumar

Members
Joy Job Kulavelil
V.N. Murali
V.Rajagopal
M.P. Lalitha Bai
K. Sasidharan
K.S. Pavithran
Dr. R. B. Rajalekshmi
T.N.Manoharan
J. Raju
Shahul Hameed. M
Mathew J. Muttath
G.S. Suresh
M.S.Vasantha kumar
M.D. Ratheesh Kumar
Dr. C.R. Prasad
Dr. K.H. Subrahmanian



# ഒന്നാകാൻ ഒരുമ്പെട്ടവർ മൂന്നായി പിരിഞ്ഞവർ

ആശയപരമായ ഐകരൂപ്യം കൊണ്ടോ പ്രവർത്തനശൈലികളുടെ സമാനത മൂലമോ, അസ്ഥിത്വത്തിന്റെ അടിവേരറ്റുപോകും എന്ന ആശങ്ക കൊണ്ടോ, നിലനിൽക്കണമെന്ന തീവ്രവാഞ്ഛ കൊണ്ടോ, സംഘടനകൾ പരസ്പരം ലയിച്ച് പുതിയ ഒന്നുണ്ടാവുന്നതും, ഒന്നുമല്ലാതാവുന്നതും പുതിയ കാര്യമല്ല. രണ്ടു പൂജ്യങ്ങൾ ചേർന്ന് ഇമ്മിണി വലിയ പൂജ്യമാവുന്നതും വിരളമല്ല. കേരളത്തിലെ സ്വകാര്യകോളജ് അദ്ധ്യാപകമേഖലയിലെ രണ്ടു സംഘടനകൾ–പി.സി.ടി.എ, കെ. പി.സി.ടി.യു എന്നിവ പരസ്പരം ലയിച്ച് ഒന്നാകാൻ ഒരുങ്ങി മൂന്നായി പിരിഞ്ഞതിന്റെയും നേതാക്കൻമാർ പരസ്പരം പുറത്താക്കിയതിൻെറയും വാർത്തകൾ വന്നിട്ട് നാളേറെയായില്ല. ഈ പശ്ചാത്തലത്തിൽ ഈ സംഘടനകളുടെ പിറവിയെക്കുറിച്ച് ചിലതു പറയേണ്ടി വരുന്നു.

സ്വകാര്യകോളജ് അധ്യാപകരുടെ ഏകസംഘടനയായ എ.കെ.പി.സി.ടി.എ യുടെ മേൽവിലാസത്തിൽ തന്റെ സിൻഡിക്കേറ്റ് മോഹം വീണ്ടും പൂവണിയില്ലെന്ന് ബോദ്ധ്യമായ ഒരു മുൻനേതാവ് – ഇദ്ദേഹം കേരള സർവ്വകലാശാല സിൻഡിക്കേറ്റിൽ ഒരു തവണ എ. കെ.പി.സി.ടി.എ യുടെ പ്രതിനിധിയായിരുന്നു – തന്റെ മോഹസാഫല്യത്തിനുവേണ്ടി സംഘടനയിൽ നിന്നു വേർപെട്ട് ഒരു പുതിയ സംഘമുണ്ടാക്കി – അതാണ് പി.സി.ടി.എ.

കുറച്ചു വർഷങ്ങൾക്കു ശേഷം ഈ നേതാവിന്റെ പാത പിന്തുടർന്ന വേറെ ചിലർ – ഇവർക്ക് സിൻഡിക്കേറ്റ് മോഹത്തോടൊപ്പം സംഘടനാഭാരവാഹിത്വം കൂടി വേണമെന്ന മോഹവും ഉണ്ടായിരുന്നു – സംഘടനയെ തള്ളിപ്പറഞ്ഞുകൊണ്ട് പുതിയൊരു സംഘമുണ്ടാക്കി. അതിന്റെ പേര് കെ.പി.സി.ടി.എ. മാതൃസംഘടനയുടെ പേരിൻെറ ആദ്യഭാഗം ലോപിച്ചുണ്ടാക്കിയ പുതിയപേരുമായി, തങ്ങളാണ് എ.കെ.പി.സി.ടി.എക്കാർ എന്നു മേനി നടിച്ചുകൊണ്ട് അധ്യാപകരെയും, അധികാരസ്ഥാപനങ്ങളെയും, മാദ്ധ്യമങ്ങളെയും തെറ്റിദ്ധരിപ്പിച്ചും കബളിപ്പിച്ചും നടന്ന ഇവർ നാണക്കേടിന്റെ പാരമ്യതയിൽ കുറച്ചു നാളുകൾക്കുശേഷം സംഘത്തിന്റെ പേര് കെ.പി.സി.ടി.യു എന്നാക്കി.

അരാഷ്ട്രീയ വാദികളെന്ന് അവകാശപ്പെട്ടിരുന്ന ഈ സംഘങ്ങൾ എ.കെ.പി.സി.ടി.എ യ്ക്ക് എതിരായി ഉന്നയിച്ചുപോന്നിട്ടുള്ള ആരോപണം അതിന് രാഷ്ട്രീയ വിധേയത്വം ഉണ്ടെന്നതാണ്. ഇവരുടെ ലയനത്തിന് കാർമ്മികത്വം വഹിച്ചത് രാഷ്ട്രീയക്കാരല്ലാത്ത കെ.പി.സി.സി പ്രസിഡന്റും പ്രതിപക്ഷ നേതാവും ആയിരുന്നില്ലേ? ഇവരണിഞ്ഞു നടന്ന അരാഷ്ട്രീയതയുടെ പൊയ്മുഖം പൊളിഞ്ഞുവീണത് ആരുമറിഞ്ഞില്ലെന്നുണ്ടോ? എ.കെ.പി.സി.ടി.എ യുടെ രാഷ്ട്രീയവിധേയത്വം എന്ന ഇവരുടെ ആരോപണത്തിന്റെ പൊള്ളത്തരം ഇന്നേവർക്കും ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഇവരുന്നയിച്ച ആരോപണത്തിൽ വിശ്വസിച്ച് വഞ്ചിതരായ അധ്യാപക സുഹൃത്തുക്കളുടെ മനോഭാവം ഞങ്ങൾ മനസ്സിലാക്കുന്നു.

എ.കെ.പി.സി.ടി.എ യ്ക്ക് രാഷ്ട്രീയമുണ്ട്, രാഷ്ട്രീയ വിധേയത്വമില്ല. ഇത് ജാള്യതയോ, ഭയമോ കൂടാതെ എവിടെയും പറയാൻ ഞങ്ങൾക്കു കഴിയും. എന്നാൽ എ.കെ.പി.സി.ടി.എ യുടെ രാഷ്ട്രീയം കേരളത്തിലെ ആയിരക്കണക്കായ സ്വകാര്യകോളജധ്യാപകരുടെ ആശയാഭിലാഷങ്ങളിൽ, അവരുടെ താൽപര്യങ്ങളിൽ അധിഷ്ഠിതമായ രാഷ്ട്രീയമാണ് – അത് അവരുടെ ഇച്ഛാശക്തിയുടെ പ്രതീകമാണ്, പ്രകടനമാണ്. ഇതറിയാത്തവരും, അറിയുവാൻ മനസ്സില്ലാത്തവരുമാണ് എ.കെ.പി.സി.ടി.എ യിൽ രാഷ്ട്രീയ വിധേയത്വം ആരോപിക്കുന്നത്. ഇവർ മാറിനിന്നതുകൊണ്ട് എ.കെ.പി.സി.

അംഗബലത്തിലും, അംഗീകാരത്തിലും, സ്വാധീനത്തിലും ടി.എ യ്ക്ക് തളർച്ചയോ, തകർച്ചയോ ഉണ്ടായിട്ടില്ല. മറിച്ച് ഓരോ വർഷവും എ.കെ.പി.സി.ടി.എ യുടെ ശക്തി ഏറെ വളർന്നിട്ടേയുള്ളൂ എന്നറിയുന്നവരാണ് കോളജധ്യാപകർ. പകുതിയിലധികം സ്വകാര്യകോളജധ്യാപകരുടെ സംഘടനയായി അതു അംഗസംഖ്യ വർദ്ധിച്ചുവരുന്നു എന്നു മാത്രമല്ല, വളർന്നിരിക്കുന്നു എന്നതാണ് വസ്തുത.

സ്വാർത്ഥമതികളുടെയും, മോഹഭംഗം സംഭവിച്ചവരുടെയും പ്രസ്താവനകളും പ്രഘോഷണങ്ങളും കേട്ട്, തെറ്റിദ്ധാരണകൾക്കു വിധേയരായി എ.കെ.പി.സി.ടി.എ വിട്ടുപോയവരും, ഒരു സംഘടനയിലും ചേരാതെ നിൽക്കുന്നവരുമായ മാന്യസുഹൃത്തുക്കളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കാപട്യവും, അധ്യാപക ദ്രോഹവും വഞ്ചനയും ശൈലിയാക്കിയ, അധ്യാപക താൽപര്യങ്ങൾക്കുപരി സ്വാർത്ഥതാൽപര്യങ്ങൾക്ക് മുൻഗണന നൽകുന്ന നേതാക്കളോടും സംഘങ്ങളോടും വിട പറയുക; എ.കെ.പി.സി.ടി.എ യിലേക്ക് തിരിച്ചു വരിക, എ.കെ.പി.സി.ടി.എ അംഗങ്ങളാകുക - കേരളത്തിലെ മുഴുവൻ കോളജധ്യാപകരെയും ഉൾക്കൊള്ളുന്ന, അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ കെൽപുള്ള, അവരുടെ അന്തസ്സുയർത്തുവാനും അഭിമാനം കാത്തുസൂക്ഷിക്കുവാനും കെൽപുള്ള ഏക പ്രസ്ഥാനം എ.കെ.പി.സി.ടി.എ മാത്രമാണ് എന്ന തിരിച്ചറിവോടെ. ❑

---

# എ.കെ.പി.സി.ടി.എ

## പ്രവർത്തക സമിതി തീരുമാനങ്ങൾ (2000 സെപ്തംബർ 16)

കോളജുകളിൽ ഈ വർഷം തന്നെ പുതിയ ബിരുദ-ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കാൻ സർക്കാർ സ തയ്യാറാകണമെന്ന് എ.കെ.പി.സി.ടി.എ പ്രവർത്തക സമിതിയോഗം ആവശ്യപ്പെട്ടു. പ്രീഡിഗ്രി വേർപെടുത്തുന്ന സാഹചര്യത്തിൽ ഇന്നുള്ള അടിസ്ഥാന സൗകര്യങ്ങളുപയോഗിച്ച് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലാതെ പുതിയ കോഴ്സുകൾ നടത്താനാകും. പ്രീഡിഗ്രി വിഭജനം മൂലം അധികം വരുന്ന അധ്യാപകരുടെ സേവനം ഇത്തരത്തിൽ പ്രയോജനപ്പെടുത്താനും കഴിയും. പ്ലസ്ടു പരിഷ്കാരത്തിൽ മാത്രം സർക്കാർ ശ്രദ്ധിച്ചാൽപ്പോരെന്നും ബിരുദ ബിരുദാനന്തര മേഖലയിലെ വികസനവും പ്രധാനമാണെന്നും പ്രവർത്തകസമിതി അഭിപ്രായപ്പെട്ടു.

**യു.ജി.സി**

യു.ജി.സിയുടെ അഞ്ചാം ശമ്പള പരിഷ്കാരം നടപ്പിലാക്കാനുള്ള നിർദ്ദേശം കോളജ് വിദ്യാഭ്യാസ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾക്ക് നൽകിയിരിക്കുന്ന സാഹചര്യത്തിൽ എത്രയും വേഗം അധ്യാപകർക്ക് ശമ്പളപരിഷ്കാരത്തിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും പ്രവർത്തകസമിതി ആവശ്യപ്പെട്ടു. ഫിക്സേഷൻ ഡെപ്യൂട്ടി ഡി.സി.ഇ ഓഫീസിൽ മാത്രം ചെയ്താൽ മതിയെന്ന നിർദ്ദേശവും ഡി.സി.ഇ നൽകിയിട്ടുണ്ട്.

### ഡ്യൂട്ടീലീവ്

ഡ്യൂട്ടീലീവ് പ്രശ്നത്തിന്റെ പേരിൽ ഓണക്കാലത്ത് അധ്യാപകരുടെ ശമ്പളം തടയാനുള്ള ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നീക്കം പരാജയപ്പെടുത്താൻ എ.കെ.പി.സി.ടി.എയ്ക്ക് കഴിഞ്ഞു. പ്രശ്നത്തിൽ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും ഇടപെടുകയും അധ്യാപകരുടെ തടയപ്പെട്ട ശമ്പളം നൽകാൻ ഉത്തരവിടുകയും ചെയ്തു. പരീക്ഷാഫലം എത്രയും നേരത്തെ പുറത്തുകൊണ്ടുവരുവാൻ വർഷങ്ങളായി കേരളത്തിൽ തുടർന്നുപോരുന്ന രീതിയാണ് ഡ്യൂട്ടീലീവ് അനുവദിക്കുക എന്നത്. കേന്ദ്രീകൃത മൂല്യനിർണ്ണയക്യാമ്പ് നടത്താനുണ്ടാകുന്ന സാമ്പത്തികച്ചെലവ് ലാഭിക്കാനാണ് സർവ്വകലാശാലകൾ ഇങ്ങനെ ചെയ്യുന്നത്. പരീക്ഷാജോലികളുമായി സഹകരിക്കുന്ന അധ്യാപകരുടെ ശമ്പളം തടയാൻ ശ്രമിച്ചാൽ പ്രത്യക്ഷസമരമാരംഭിക്കുമെന്ന മുന്നറിയിപ്പ് സംഘടന സർക്കാരിന് നൽകുകയുണ്ടായി. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിൻമേൽ കൈവയ്ക്കുന്ന ഉദ്യോഗസ്ഥന്മാരെ നിലയ്ക്കു നിർത്തണമെന്നും സംഘടന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### അധ്യാപകർ അറസ്റ്റുവരിച്ചു

ഐഫക്ടോയുടെ നേതൃത്വത്തിൽ അധ്യാപകദിനമായ സെപ്തംബർ 5 ന് ഡൽഹിയിൽ മാവനവിഭവവികസന മന്ത്രാലയം പിക്കറ്റു ചെയ്ത് അധ്യാപകർ അറസ്റ്റു വരിച്ചു. എട്ട് പ്രധാനപ്പെട്ട ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം.

**AIFUCTO - Main Demands**

1. More funds for education in general and elementary education in particular.
2. No retreat of the Government from funding Higher Education.
3. Protect secular values in education.
4. Full implementation of agreement between AIFUCTO and the Govt. of India reached on 5-9-88 and 6-10-99.
5. Issue of orders on revision pay scales in the state of Bihar, for university and college teachers.
6. Appropriate scales for instructors, coaches, accompanists

7. Implement the contents of UGC notification on part time Lecturers along with agreement reached in tripartite meeting of AIFUCTO, UGC and MHRD.
8. Implementation of third promotion, to the senior teachers in Universities & Colleges without insisting on additional qualifications.

ഡൽഹിയിൽ നടന്ന ആവേശകരമായ ഈ സമരത്തോടൊപ്പം സെപ്തംബർ 5 അഖിലേന്ത്യാ വ്യാപകമായ അധ്യാപകർ കരിദിനമായി ആചരിച്ചു. കേന്ദ്രസർക്കാരും എഫ്ക്ടോയുമായി ഉണ്ടാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കാതെ നീട്ടിക്കൊണ്ടുപോകുന്നതിൽ എല്ലാ സംസ്ഥാനങ്ങളിലും ശക്തമായ പ്രതിഷേധം ഉയരുകയുണ്ടായി. കരിയർ അഡ്വാൻസ്മെന്റ് ഡേറ്റ് 27-07-98 ൽ നിന്നും 01-01-96 ലേയ്ക്കു മാറ്റുമെന്ന് വ്യക്തമായ ഉറപ്പുനൽകിയിട്ടും അതനുസരിച്ചുള്ള ഉത്തരവ് നാളിതുവരെ പുറത്തുവന്നിട്ടില്ല. ഉന്നതവിദ്യാഭ്യാസരംഗം വർഗ്ഗീയവൽക്കരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. സർവ്വകലാശാലകളിൽ 'കർമ്മകാണ്ഡ'ത്തിന് കോഴ്സുകൾ തുടങ്ങുമെന്നാണ് പുതിയ പ്രഖ്യാപനം വന്നിരക്കുന്നത്. പൂജ, തന്ത്രം, മന്ത്രം - ഇതിനെല്ലാം ഡിഗ്രികോഴ്സുകൾ ആരംഭിക്കാൻ പോവുകയാണ്! ഇന്ത്യയെ നൂറ്റാണ്ടുകൾ പുറകോട്ടു പിടിച്ചു വലിക്കാനും, പഴയ ചാതുർവർണ്യവ്യവസ്ഥ തിരിച്ചുകൊണ്ടുവരാനും നടത്തുന്ന നീക്കങ്ങളെ എന്തുവിലകൊടുത്തും ചെറുക്കാൻ രംഗത്തു വരണമെന്ന് ഐഫ്ക്ടോ ആഹ്വാനം ചെയ്യുന്നു.

## ബീഹാർ അധ്യാപകരുമായി ഐക്യദാർഢ്യം

സെപ്തംബർ 15 അഖിലേന്ത്യാവ്യാപകമായി അധ്യാപകർ ബീഹാർ ഐക്യദാർഢ്യദിനമായി ആചരിച്ചു. അധ്യാപകർക്ക് യു.ജി.സി ശമ്പളപരിഷ്കാരം നടപ്പിലാക്കാനോ, കൃത്യമായി ശമ്പളം നൽകാനോ ബീഹാർ ഗവൺമെന്റ് തയ്യാറാകുന്നില്ല. അവിടെ അധ്യാപകർ നടത്തിവരുന്ന പണിമുടക്കിന് മറ്റു സംസ്ഥാനങ്ങളിലെ അധ്യാപകരും പിൻതുണ പ്രഖ്യാപിച്ചു. ബീഹാറിലെ പണിമുടക്ക് ഒത്തുതീർപ്പാക്കണമെന്നാവശ്യപ്പെട്ട് ഗവർണർ, മുഖ്യമന്ത്രി, സ്പീക്കർ എന്നിവർക്ക് എ.കെ.പി.സി.ടി.എ കമ്പി സന്ദേശം അയയ്ക്കുകയുണ്ടായി.

## വി.സി. കമ്മിറ്റി റിപ്പോർട്ടു നൽകണം

അഞ്ചാം യു.ജി.സി ശമ്പളപരിഷ്കാരവുമായി ബന്ധപ്പെട്ടുള്ള അക്കാദമിക് പരിഷ്കാരങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച 'വി.സി. കമ്മറ്റി' തെളിവെടുപ്പ് പൂർത്തിയാക്കിയെങ്കിലും റിപ്പോർട്ട് നൽകിയിട്ടില്ല. എത്രയും വേഗം റിപ്പോർട്ടു നൽകണമെന്ന് എ.കെ.പി.സി.ടി.എ ആവശ്യപ്പെട്ടു. പുതിയ ശമ്പള പരിഷ്കാര നിബന്ധനകളിൽപ്പറയുന്ന 'സെലക്ഷൻ കമ്മറ്റി' യുടെ ഘടന കേരളത്തിന്റെ സാഹചര്യത്തിൽ സ്വീകാര്യമല്ലെന്ന് സംഘടന വിലയിരുത്തി. കമ്മറ്റിയുടെ ഘടന കൂടുതൽ സാമൂഹ്യനിയന്ത്രണമുള്ളതാക്കണമെന്നും ഇതിനുവേണ്ടി യൂണിവേഴ്സിറ്റി നിയമങ്ങളിൽ മാറ്റം വരുത്തണമെന്നും സംഘടന ആവശ്യപ്പെടുന്നു. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ബോർഡ് ഓഫ് സ്റ്റഡീസ് തീരുമാനങ്ങൾ വൈസ്ചാൻസലർ ഇടപെട്ട് മാറ്റുന്നതിൽ എ.കെ.പി.സി.ടി.എ പ്രതിഷേധം രേഖപ്പെടുത്തി.

## രണ്ട് സംഘടന ലയിച്ച് മൂന്നായി!

ലയിക്കുന്തോറും പിളരുന്ന കുറെ കടലാസ് സംഘടനകൾ കോളജധ്യാപകരംഗത്തുണ്ട്. ഏറ്റവും ഒടുവിൽ രണ്ടു സംഘടനകൾ ലയിച്ചുവെന്നാണ് വാർത്ത. ലയനം കഴിഞ്ഞപ്പോൾ അത് മൂന്നായി. ലയിച്ച സംഘടനയിൽ നേതാക്കന്മാർ മാത്രമേ ഉള്ളൂ എന്നാണ് എതിർപക്ഷം പറയുന്നത്. ബാക്കിയുള്ളവരെല്ലാം പഴയസംഘടനകളിൽ ഉറച്ചുനിൽക്കുന്നതായി അവർ പറയുന്നു. ഏതായാലും ലയിച്ചെന്നും, ലയിച്ചില്ലെന്നും പറഞ്ഞുള്ള പ്രസ്താവനകളുമായി പത്രത്താളുകളിൽ പ്രത്യക്ഷപ്പെട്ട് പരിഹാസ്യരാവുകയാണ് ഇക്കൂട്ടർ. സ്വന്തം സ്ഥാനമാനങ്ങൾ നിലനിർത്താൻ കലഹിക്കുന്ന ഇവർക്ക് അധ്യാപകതാൽപര്യം സംരക്ഷിക്കാനാവില്ലെന്ന് നേരത്തെ തന്നെ കേരളത്തിലെ കോളജധ്യാപകർ തിരിച്ചറിഞ്ഞിട്ടുണ്ട്.

## പ്രവർത്തകക്യാമ്പിന്റെ വിജയം

ആഗസ്റ്റ് 12,13 തീയതികളിൽ രാജഗിരി സോഷ്യൽ സയൻസസ് കോളജിൽ നടന്ന എ.കെ.പി.സി.ടി.എ പ്രവർത്തകക്യാമ്പ് സംഘടനാപ്രവർത്തകർക്ക് കൂടുതൽ ഊർജ്ജവും ആവേശവും പകരുന്നതായിരുന്നു. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, വൈസ് ചാൻസലർ ഡോ. ബാബു ജോസഫ്, പ്രൊഫ. ആർ. വി. ജി. മേനോൻ, ഡോ. കെ. കെ. ജോർജ്, പ്രൊഫ. സാറാ ജോസഫ്, സ:സി. ഭാസ്കരൻ, ഡോ. എം.സി. ചാക്കോ തുടങ്ങിയ പ്രമുഖർ പങ്കെടുത്ത ക്യാമ്പ് സംഘടനയിലെ പുതിയ പ്രവർത്തകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഏറെ സഹായകമായി.

## വനിതാസബ്കമ്മറ്റി

എല്ലാ ബ്രാഞ്ചുകളിലും വനിതാസബ് കമ്മറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം പ്രത്യേകം ഓർക്കുമല്ലോ. കളമശ്ശേരിയിൽ നടന്ന പ്രവർത്തകക്യാമ്പിൽ അവതരിപ്പിച്ച വനിതാപ്രവർത്തനരേഖ ബ്രാഞ്ചുകൾ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സംസ്ഥാന കമ്മറ്റി ഓഫീസിലേക്ക് എഴുതി അറിയിക്കുക.

## മെമ്പർഷിപ്പ് അയയ്ക്കുക

ബ്രാഞ്ചുകളിൽ നിന്നും മെമ്പർഷിപ്പു തുക ട്രഷറർക്ക് അയയ്ക്കാൻ ഇനിയും വൈകരുത്. കൂടുതൽ അധ്യാപകരെ സംഘടനയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ നടത്തണം. കഴിഞ്ഞ വർഷം എ.കെ.പി.സി.ടി.എ യുടെ അംഗസംഖ്യ 4017 ആയിരുന്നു. ഈ വർഷം അത് വർദ്ധിപ്പിക്കാനുള്ള സംസ്ഥാന കൗൺസിൽ തീരുമാനം നടപ്പിലാക്കാൻ എല്ലാ ബ്രാഞ്ചുകളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വി.എൻ. മുരളി**
ജനറൽ സെക്രട്ടറി

# എ.കെ.പി.സി.ടി.എ സംസ്ഥാന പ്രവർത്തകക്യാമ്പ്

## റിപ്പോർട്ട്

പുതിയ സഹസ്രാബ്ദത്തിലെ ആദ്യത്തെ പ്രവർത്തക ക്യാമ്പ് കളമശ്ശേരി രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസസിൽ ആഗസ്റ്റ് 12, 13 തീയതികളിൽ നടക്കുകയുണ്ടായി. ഇന്ത്യയിൽ സാമൂഹ്യസാമ്പത്തിക മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ നടന്ന പ്രവർത്തകക്യാമ്പ് ഒട്ടേറെ പ്രത്യേകതകൾ കൊണ്ട് ശ്രദ്ധേയമായിരുന്നു. മുതലാളിത്ത വികസന മാതൃകകളും കമ്പോള സൗഹൃദസാമ്പത്തിക നയങ്ങളും ലോകസാമ്പത്തിക ക്രമത്തിന്റെ മുഖമുദ്രയായി മാറിക്കൊണ്ടിരിക്കുന്ന ആഗോള പരിതസ്ഥിതിയും ഇന്ത്യയിൽ ഇത്തരം നയങ്ങൾ നടപ്പിലാക്കാൻ വ്യഗ്രത കാണിക്കുന്ന കേന്ദ്രസർക്കാറിന്റെ നടപടികളുടെ ഫലമായി സാമൂഹ്യമേഖലയടക്കം പല സുപ്രധാന മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രത്യാഘാതങ്ങളും ക്യാമ്പിൽ സജീവചർച്ചയ്ക്ക് വിധേയമായി. ഇതോടൊപ്പം തന്നെ വിദ്യാഭ്യാസമേഖലയെ കാവിപുതപ്പിക്കാൻ ഫാസിസ്റ്റ് ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ഇന്ത്യൻ ഭരണകൂടത്തിന്റെ നീക്കങ്ങളും ചർച്ച ചെയ്യപ്പെട്ടു. വിദ്യാഭ്യാസ പരിഷ്കാരങ്ങളിലൂടെയും വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും ഇത്തരം ശക്തികൾക്കും നയങ്ങൾക്കുമെതിരെ ചെറുത്തുനിൽപിന്റെ ഒരു ചെറിയ തുരുത്തായി നിലകൊള്ളുന്ന കേരള സംസ്ഥാനം പ്രത്യേകപരാമർശവിധേയമായി.

രണ്ടുദിവസത്തെ ക്യാമ്പ് ചർച്ചകൾക്കും ക്ലാസ്സുകൾക്കുമായി താഴെപ്പറയുന്ന രീതിയിലാണ് ക്രമീകരിച്ചിരുന്നത്.

1. ഉദ്ഘാടന സമ്മേളനം
2. സർവ്വകലാശാല നിയമങ്ങൾ   കാഴ്ചപ്പാടുകൾ
3. സംഘടനാപ്രവർത്തനം
   (സംഘടനാപ്രവർത്തനരേഖ, അക്കാദമിക് രേഖ, വനിതാപ്രവർത്തനരേഖ, ജേർണൽ)
4. ആഗോളവൽക്കരണവും വിദ്യാഭ്യാസവും

### ഉൽഘാടനസമ്മേളനം

ആഗസ്റ്റ് 12-ാം തീയതി രാവിലെ 10.30 ന് പ്രവർത്തക ക്യാമ്പ് റിട്ട. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ഉദ്ഘാടനം ചെയ്തു. *കോഴ കൊടുക്കുന്ന അധ്യാപകനും കോഴ വാങ്ങുന്ന മാനേജരും ഒരുപോലെ കുറ്റക്കാരാണെന്ന് അദ്ദേഹം പറഞ്ഞു. ഇവരെ പ്രോസിക്യൂട്ട് ചെയ്യാൻ ഇന്ത്യൻ പീനൽകോഡിൽ വ്യവസ്ഥയുണ്ടാകണം.*

ഭരണഘടനയെത്തൊട്ട് ആണയിട്ടവർ തന്നെ അതു ലംഘിക്കുന്നു. യുവതലമുറയെ മെരുക്കിയെടുക്കുകയും അവരുടെ മനസ്സുകൾ വളച്ചൊടിക്കുകയുമാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും ചെയ്യുന്നത്. രാഷ്ട്രീയക്കാർ സംഘടിത കപടനാട്യക്കാരാണ് (Organised hypocrates). ലോകമെമ്പാടും ഇതാണു നടക്കുന്നത്. കുട്ടികളിൽ അടിമത്ത മനോഭാവം വളർത്താനും പുസ്തകപ്പേടി (Bibliophobia) ഉളവാക്കി വിജ്ഞാനത്തിൽ നിന്നകറ്റാനുമുള്ള ബോധപൂർവ്വമായ ശ്രമം ഇന്ന നമ്മുടെ സമൂഹത്തിൽ നടക്കുന്നു. അംബേദ്കർ അഭിപ്രായപ്പെട്ടതുപോലെ സാമ്പത്തിക, സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലെല്ലാം അടിമത്തമാണ് ഇന്നു നടമാടുന്നത്. ഇതിനെതിരായി അധ്യാപകർ പ്രവർത്തിക്കണം. വിവിധ രംഗങ്ങൾ ജനാധിപത്യവൽക്കരിക്കാൻ അധ്യാപകർ മുൻകൈയെടുക്കണം. പതിനാലുവയസ്സുവരെ വിദ്യാഭ്യാസം സൗജന്യമാണ്. എന്നാൽ അതിനുശേഷമുള്ള വിദ്യാഭ്യാസാ



വസരങ്ങൾ സമമായി നീതി പൂർവ്വകമായി വീതിച്ചുകൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഉന്നതവിദ്യാഭ്യാസരംഗത്ത് സാധാരണക്കാരന് നീതിപൂർവ്വകമായ അവസരങ്ങൾ ലഭിക്കുന്നില്ല. അമേരിക്കക്കാരനുവേണ്ടി അടിമകളെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം അവസാനിപ്പിക്കണം. ഏറ്റവും ബുദ്ധിമാന്മാരായ ഡോക്ടർമാരും എഞ്ചിനീയർമാരും മറ്റു വിദഗ്ദ്ധരും അമേരിക്കയിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. അമേരിക്കയുടെ നേതൃത്വത്തിലുള്ള ഒരു പുനഃകോളനിവൽക്കരണമാണ് ഇപ്പോൾ നടക്കുന്നത്. ഭാരതീയ മൂല്യങ്ങളെ മാറ്റിമറിച്ച് അമേരിക്കൻ മൂല്യങ്ങൾക്കും മറ്റും പ്രാമാണ്യം നൽകുന്നു. അവരുടെ ആവശ്യങ്ങൾക്കനുസൃതമായ മൂല്യങ്ങളും ഉൽപാദനഘടകങ്ങളും രൂപപ്പെടുത്തുന്ന തിരക്കിലാണ് ഇന്ത്യയെപ്പോലുള്ള മൂന്നാംലോകരാജ്യങ്ങൾ. അമേരിക്കയുടെ ശക്തി വർദ്ധിക്കുന്നു. ഡോളറിന്റെ മൂല്യം ഉയരുന്നു. ഇന്ത്യൻരൂപയുടെ മൂല്യം ദിവസേന കുറയുന്നു. വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ദരിദ്രന്മാരെ ശൂദ്രന്മാരും, സമ്പന്നരെ ബ്രാഹ്മണരുമാക്കി മാറ്റുന്നു. കൂടുതൽ പണമുണ്ടാക്കി അധികാരം പിടിച്ചെടുക്കുകയെന്നതാണ് ലക്ഷ്യം. നിയമരംഗമുൾപ്പെടെയുള്ള പ്രൊഫഷണൽ വിദ്യാഭ്യാസരംഗം മുഴുവൻ സ്വകാര്യവൽക്കരിക്കുന്നു. ഈ രാജ്യത്തോടു കൂറില്ലാത്ത ഒരു ജനതയെ വളർത്താൻ മാത്രമേ ഇതു സഹായിക്കൂ. പുതിയ തലമുറ വിദ്യാഭ്യാസം നടത്തുന്നത് വിദേശത്തുപോകാനാണ്. *വിദ്യാഭ്യാസത്തെ അഴിമതിയിൽ നിന്നു മോചിപ്പിക്കാൻ ഒരു ഇന്ത്യൻ വിദ്യാഭ്യാസ ശിക്ഷാനിയമം* (Indian Education Penal Code) *ഉണ്ടാകണം.* Excellence നുവേണ്ടിയുള്ള അവകാശം കൂടി മൗലികാവകാശങ്ങളിൽപ്പെടുത്തണം. അതിനുവേണ്ടി അദ്ധ്യാപകന്റെ കാഴ്ചപ്പാട് മാറ്റിയെടുക്കണമെന്ന് ജസ്റ്റിസ് കൃഷ്ണയ്യർ ആവശ്യപ്പെട്ടു.

തുടർന്നു മുഖ്യപ്രഭാഷണം നടത്തിയ ഡോ. ആർ. വി. ജി. മേനോൻ, കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ സമഗ്രമായ വിശകലനത്തിന് വിധേയമാക്കി. ഇന്നത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രധാനപ്രതിസന്ധി ലക്ഷ്യബോധമില്ലായ്മയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നാട്ടിൽ നിന്ന് രക്ഷപ്പെട്ടുപോകാൻ വേണ്ടിയാണ് വിദ്യ അഭ്യസിക്കുന്നത്. പരീക്ഷകൾ സമയത്തു നടക്കണമെന്ന ഒരു നിർബ്ബന്ധമേ നമ്മൾ പ്രകടിപ്പിക്കാറുള്ളൂ. എഞ്ചിനീയറിംഗ് മെഡിക്കൽ വിദ്യാഭ്യാസത്തിനു മാത്രമേ നമ്മൾ പ്രാധാന്യം കൊടുക്കുന്നുള്ളൂ. എല്ലാവരും entrance എഴുതുന്നു. കിട്ടാതെ നിരാശരായവർ ക്ലാസ്സിൽ വന്നിരിക്കുന്നു. രണ്ടാംവർഷമാകുമ്പോൾ നിരാശ വർദ്ധിക്കുന്നു. ഗതികേടുകൊണ്ട് M.Sc യ്ക്കു പഠിക്കുന്നവരാണ് ഇന്നധികം. M.B.B.S കിട്ടാത്തതുകൊണ്ട് ആയുർവേദവും ഹോമിയോപ്പതിയും പഠിക്കുന്നവർ നിരാശരാണ്. നമ്മുടെ രോഗികളുടെ ഭാവി ഈ നിരാശരുടെ കൈകളിലാണ്. ഉദ്യോഗം കിട്ടാതെ നിരാശരാകുമ്പോൾ ഗവേഷണത്തിനുപോകുന്നു. ഇന്ന് ഉദ്യോഗം കിട്ടാൻ സഹായിക്കുന്നതെന്തോ അതുമാത്രമാണ് ഉത്കൃഷ്ടം. *പരീക്ഷകൾ വേണ്ടാത്തവരെ അരിച്ചുമാറ്റാനുള്ള അരിപ്പകളാണ്. ഇഷ്ടമുള്ളതു പഠിക്കാനും ഇഷ്ടമില്ലാത്തതു പഠിക്കാതിരിക്കാനും ഇന്നു സൗകര്യമില്ല.* അധ്യാപകവിദ്യാർത്ഥി ബന്ധം ശിഥിലമാണ്. കുട്ടികൾ അധ്യാപകരെ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള അറിവിനെ വിമർശനാത്മകമായി ഉൾക്കൊള്ളുകയും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പരിവർത്തിപ്പിക്കുകയും വേണം. ഇടയ്ക്കിടയ്ക്ക് സമൂഹം വിദ്യാഭ്യാസരംഗത്തേക്ക് തിരിഞ്ഞുനോക്കണം. Accountability പ്രധാനമായും സമൂഹത്തോടാണ്.



ഡോ. ആർ.വി.ജി. മേനോൻ

വിഭവവിനിയോഗത്തിന്റെ മുൻഗണനകൾ മനസ്സിലാക്കാതെ സ്വാശ്രയകോളജുകൾ തുടങ്ങുന്നു. ഒന്നാംതരക്കാരെ കയറ്റി അയയ്ക്കുകയും രണ്ടാംതരക്കാരെ നിലനിർത്തുകയും ചെയ്യുന്നു. ഇതാണു നമ്മുടെ വികസനമാതൃക. സമൂഹത്തിനു തിരിച്ചുകിട്ടുമെന്നു കരുതിയാണ് സമൂഹം മുതൽ മുടക്കുന്നത്. അതുകിട്ടിയെങ്കിലേ സമൂഹം നിലനിൽക്കുകയുള്ളൂ. *അതുകൊണ്ട് അധ്യാപകന്റെ പ്രധാനജോലി വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യബോധം വളർത്തുകയാണ്* എന്നു പറഞ്ഞുകൊണ്ട് ആർ.വി.ജി. തന്റെ പ്രഭാഷണം ഉപസംഹരിച്ചു.

തുടർന്നു പ്രസംഗിച്ച ശ്രീമതി. സാറാ ജോസഫ് സ്ത്രീപ്രശ്നം മുഖ്യപ്രശ്നമായി വച്ചുകൊണ്ട് ചർച്ച നടക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കാരണം ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകളാണ്. *സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏറ്റവും ആപത്ത് അവരുടെ നിശബ്ദതയാണ്. സ്ത്രീകൾ സ്വയം ദളിതരാണ്.* ഒരു നൂറ്റാണ്ടു മുമ്പു വരെ അവർ പൊതുമണ്ഡലത്തിലേക്കു വന്നിരുന്നില്ല. അടുക്കളയായിരുന്നു സ്ത്രീകളുടെ ഇടം. അഭിപ്രായസ്വാതന്ത്ര്യം, തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം എന്നിവ തടയപ്പെട്ടിരുന്നു. അനുസരിക്കുക മാത്രമായിരുന്നു സ്ത്രീയുടെ കടമ.



പ്രൊഫ. സാറാ ജോസഫ്

പദങ്ങളും ആശയങ്ങളുമെല്ലാം പുരുഷന്മാർക്കു വേണ്ടിയുണ്ടാക്കിയതാണ്. പുരുഷമേധാവിത്വം പേറ്റുമുറിയിൽപ്പോലും സ്ത്രീശബ്ദത്തെ തടയുന്നു. ഒന്ന് ഉറക്കെ നിലവിളിക്കാനുള്ള അവകാശം പോലും തടയപ്പെടുന്നു. ഈ സ്ഥിതി ഇന്നും മാറിയിട്ടില്ല.

വസരങ്ങൾ സമമായി നീതി പൂർവ്വകമായി വീതിച്ചുകൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഉന്നതവിദ്യാഭ്യാസരംഗത്ത് സാധാരണക്കാരന് നീതിപൂർവ്വകമായ അവസരങ്ങൾ ലഭിക്കുന്നില്ല. അമേരിക്കക്കാരനുവേണ്ടി അടിമകളെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം അവസാനിപ്പിക്കണം. ഏറ്റവും ബുദ്ധിമാന്മാരായ ഡോക്ടർമാരും എഞ്ചിനീയർമാരും മറ്റു വിദഗ്ദ്ധരും അമേരിക്കയിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. അമേരിക്കയുടെ നേതൃത്വത്തിലുള്ള ഒരു പുനഃകോളനിവൽക്കരണമാണ് ഇപ്പോൾ നടക്കുന്നത്. ഭാരതീയ മൂല്യങ്ങളെ മാറ്റിമറിച്ച് അമേരിക്കൻ മൂല്യങ്ങൾക്കും മറ്റും പ്രാമാണ്യം നൽകുന്നു. അവരുടെ ആവശ്യങ്ങൾക്കനുസൃതമായ മൂല്യങ്ങളും ഉൽപാദനഘടകങ്ങളും രൂപപ്പെടുത്തുന്ന തിരക്കിലാണ് ഇന്ത്യയെപ്പോലുള്ള മൂന്നാംലോകരാജ്യങ്ങൾ. അമേരിക്കയുടെ ശക്തി വർദ്ധിക്കുന്നു. ഡോളറിന്റെ മൂല്യം ഉയരുന്നു. ഇന്ത്യൻരൂപയുടെ മൂല്യം ദിവസേന കുറയുന്നു. വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ദരിദ്രന്മാരെ ശൂദ്രന്മാരും, സമ്പന്നരെ ബ്രാഹ്മണരുമാക്കി മാറ്റുന്നു. കൂടുതൽ പണമുണ്ടാക്കി അധികാരം പിടിച്ചെടുക്കുകയെന്നതാണ് ലക്ഷ്യം. നിയമരംഗമുൾപ്പെടെയുള്ള പ്രൊഫഷണൽ വിദ്യാഭ്യാസരംഗം മുഴുവൻ സ്വകാര്യവൽക്കരിക്കുന്നു. ഈ രാജ്യത്തോടു കൂറില്ലാത്ത ഒരു ജനതയെ വളർത്താൻ മാത്രമേ ഇതു സഹായിക്കൂ. പുതിയ തലമുറ വിദ്യാഭ്യാസം നടത്തുന്നത് വിദേശത്തുപോകാനാണ്. *വിദ്യാഭ്യാസത്തെ അഴിമതിയിൽ നിന്നു മോചിപ്പിക്കാൻ ഒരു ഇന്ത്യൻ വിദ്യാഭ്യാസ ശിക്ഷാനിയമം* (Indian Education Penal Code) *ഉണ്ടാകണം.* Excellence നുവേണ്ടിയുള്ള അവകാശം കൂടി മൗലികാവകാശങ്ങളിൽപ്പെടുത്തണം. അതിനുവേണ്ടി അധ്യാപകന്റെ കാഴ്ചപ്പാട് മാറ്റിയെടുക്കണമെന്ന് ജസ്റ്റിസ് കൃഷ്ണയ്യർ ആവശ്യപ്പെട്ടു.

തുടർന്നു മുഖ്യപ്രഭാഷണം നടത്തിയ ഡോ. ആർ. വി. ജി. മേനോൻ, കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ സമഗ്രമായ വിശകലനത്തിന് വിധേയമാക്കി. ഇന്നത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രധാനപ്രതിസന്ധി ലക്ഷ്യബോധമില്ലായ്മയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നാട്ടിൽ നിന്ന് രക്ഷപ്പെട്ടുപോകാൻ വേണ്ടിയാണ് വിദ്യ അഭ്യസിക്കുന്നത്. പരീക്ഷകൾ സമയത്തു നടക്കണമെന്ന ഒരു നിർബ്ബന്ധമേ നമ്മൾ പ്രകടിപ്പിക്കാറുള്ളൂ. എഞ്ചിനീയറിംഗ് മെഡിക്കൽ വിദ്യാഭ്യാസത്തിനു മാത്രമേ നമ്മൾ പ്രാധാന്യം കൊടുക്കുന്നുള്ളൂ. എല്ലാവരും entrance എഴുതുന്നു. കിട്ടാതെ നിരാശരായവർ ക്ലാസ്സിൽ വന്നിരിക്കുന്നു. രണ്ടാംവർഷമാകുമ്പോൾ നിരാശ വർദ്ധിക്കുന്നു. ഗതികേടുകൊണ്ട് M.Sc യ്ക്കു പഠിക്കുന്നവരാണ് ഇന്നധികം. M.B.B.S കിട്ടാത്തതുകൊണ്ട് ആയുർവേദവും ഹോമിയോപ്പതിയും പഠിക്കുന്നവർ നിരാശരാണ്. നമ്മുടെ രോഗികളുടെ ഭാവി ഈ നിരാശരുടെ കൈകളിലാണ്. ഉദ്യോഗം കിട്ടാതെ നിരാശരാകുമ്പോൾ ഗവേഷണത്തിനുപോകുന്നു. ഇന്ന് ഉദ്യോഗം കിട്ടാൻ സഹായിക്കുന്നതെന്തോ അതുമാത്രമാണ് ഉത്കൃഷ്ടം. *പരീക്ഷകൾ വേണ്ടാത്തവരെ അരിച്ചുമാറ്റാനുള്ള അരിപ്പകളാണ്. ഇഷ്ടമുള്ളതു പഠിക്കാനും ഇഷ്ടമില്ലാത്തതു പഠിക്കാതിരിക്കാനും ഇന്നു സൗകര്യമില്ല.* അധ്യാപകവിദ്യാർത്ഥി ബന്ധം ശിഥിലമാണ്. കുട്ടികൾ അധ്യാപകരെ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള അറിവിനെ വിമർശനാത്മകമായി ഉൾക്കൊള്ളുകയും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പരിവർത്തിപ്പിക്കുകയും വേണം. ഇടയ്ക്കിടയ്ക്ക് സമൂഹം വിദ്യാഭ്യാസരംഗത്തേക്ക് തിരിഞ്ഞുനോക്കണം. Accountability പ്രധാനമായും സമൂഹത്തോടാണ്.



ഡോ. ആർ.വി.ജി. മേനോൻ

വിഭവവിനിയോഗത്തിന്റെ മുൻഗണനകൾ മനസ്സിലാക്കാതെ സ്വാശ്രയകോളജുകൾ തുടങ്ങുന്നു. ഒന്നാംതരക്കാരെ കയറ്റി അയയ്ക്കുകയും രണ്ടാംതരക്കാരെ നിലനിർത്തുകയും ചെയ്യുന്നു. ഇതാണു നമ്മുടെ വികസനമാതൃക. സമൂഹത്തിനു തിരിച്ചുകിട്ടുമെന്നു കരുതിയാണ് സമൂഹം മുതൽ മുടക്കുന്നത്. അതുകിട്ടിയെങ്കിലേ സമൂഹം നിലനിൽക്കുകയുള്ളൂ. *അതുകൊണ്ട് അധ്യാപകന്റെ പ്രധാനജോലി വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യബോധം വളർത്തുകയാണ്* എന്നു പറഞ്ഞുകൊണ്ട് ആർ.വി.ജി. തന്റെ പ്രഭാഷണം ഉപസംഹരിച്ചു.

തുടർന്നു പ്രസംഗിച്ച ശ്രീമതി. സാറാ ജോസഫ് സ്ത്രീപ്രശ്നം മുഖ്യപ്രശ്നമായി വച്ചുകൊണ്ട് ചർച്ച നടക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കാരണം ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകളാണ്. *സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏറ്റവും ആപത്ത് അവരുടെ നിശബ്ദതയാണ്. സ്ത്രീകൾ സ്വയം ദളിതരാണ്.* ഒരു നൂറ്റാണ്ടു മുമ്പു വരെ അവർ പൊതുമണ്ഡലത്തിലേക്കു വന്നിരുന്നില്ല. അടുക്കളയായിരുന്നു സ്ത്രീകളുടെ ഇടം. അഭിപ്രായസ്വാതന്ത്ര്യം, തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം എന്നിവ തടയപ്പെട്ടിരുന്നു. അനുസരിക്കുക മാത്രമായിരുന്നു സ്ത്രീയുടെ കടമ.



പ്രൊഫ. സാറാ ജോസഫ്

പദങ്ങളും ആശയങ്ങളുമെല്ലാം പുരുഷന്മാർക്കു വേണ്ടിയുണ്ടാക്കിയതാണ്. പുരുഷമേധാവിത്വം പേറ്റുമുറിയിൽപ്പോലും സ്ത്രീശബ്ദത്തെ തടയുന്നു. ഒന്ന് ഉറക്കെ നിലവിളിക്കാനുള്ള അവകാശം പോലും തടയപ്പെടുന്നു. ഈ സ്ഥിതി ഇന്നും മാറിയിട്ടില്ല.

ഏംഗൽസിന്റെ പഠനം വ്യക്തമാക്കുന്നത് ഒരു കാലത്ത് ഉൽപാദനത്തിലും പ്രത്യുൽപാദനത്തിലും മേൽക്കൈ സ്ത്രീക്കായിരുന്നു എന്നാണ്. *എന്നാൽ കോളനി വാഴ്ചയുടെയും ആര്യനൈസേഷന്റെയും ഇടയിൽപ്പെട്ട് സ്ത്രീ ഞെരിഞ്ഞമർന്നുപോയി. ഇതിനെല്ലാം മാറ്റം വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.* ഒരു പുതിയ സ്വാതന്ത്ര്യസമരം സ്ത്രീ മോചനത്തിന് അനിവാര്യമാണ്.

ഉദ്ഘാടനസമ്മേളനത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജോയ്ജോബ് കുളവേലിൽ അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി പ്രൊഫ. വി. എൻ. മുരളി സ്വാഗതവും ട്രഷറർ കെ. ശശിധരൻ നന്ദിയും പ്രകാശിപ്പിച്ചു.

## സർവ്വകലാശാല നിയമങ്ങൾ-കാഴ്ചപ്പാടുകൾ

സർവ്വകലാശാല നിയമങ്ങൾ, കാഴ്ചപ്പാടുകൾ എന്ന വിഷയത്തെ അധികരിച്ച് ഉച്ചകഴിഞ്ഞുനടന്ന സെമിനാർ കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ. ബാബു ജോസഫ് ഉദ്ഘാടനം ചെയ്തു. ഡോ. കെ.കെ. ജോർജ് മോഡറേറ്ററായിരുന്നു. ഡോ. എം. സി. ചാക്കോ, ആർ. മോഹനൻ കുമാർ, പി.ഡി. ശശിധരൻ, പ്രൊഫ. കെ. സദാശിവൻ നായർ, ടി.കെ. തോമസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സർവ്വകലാശാലകളുടെ ഭരണവൈകല്യങ്ങൾ നിയമങ്ങളുടെ അപര്യാപ്തത എന്നിവയെക്കുറിച്ച് സജീവമായ ചർച്ച നടന്നു. സംസ്ഥാന സെക്രട്ടറി പ്രൊഫ. എ. ശിവരാമൻ സ്വാഗതം ആശംസിച്ചു.



ഡോ. കെ. ബാബു ജോസഫ്



ഡോ. എം.സി. ചാക്കോ

## സംഘടനാ പ്രവർത്തനം

വൈകുന്നേരം 'സംഘടനാപ്രവർത്തനം പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയിൽ സംഘടനാ പ്രവർത്തനരേഖ, അക്കാദമിക് രേഖ, വനിതാ പ്രവർത്തനരേഖ എന്നിവ യഥാക്രമം പ്രൊഫ. വി. എൻ. മുരളി, പ്രൊഫ. തോമസ് ജോസഫ്, പ്രൊഫ. എം.പി. ലളിതാഭായി എന്നിവർ അവതരിപ്പിച്ചു. പ്രൊഫ. ആർ. മോഹന കൈമൾ, സംഘടനയുടെ മുഖപത്രമായ ജേർണലിനെക്കുറിച്ച് റിപ്പോർട്ടിംഗ് നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. വി. രാജഗോപാൽ അധ്യക്ഷനായിരുന്നു.

രാത്രി എട്ടുമണിക്കുശേഷം നടന്ന ഗ്രൂപ്പുചർച്ചയിൽ ജനറൽ സെക്രട്ടറി അവതരിപ്പിച്ച സംഘടനാ പ്രവർത്തനരേഖ ഒരു അടിസ്ഥാന രേഖയായി വച്ചുകൊണ്ട് സജീവ ചർച്ച നടന്നു. നാലു യൂണിവേഴ്സിറ്റികളിൽ നിന്നുള്ള സംഘടനാപ്രവർത്തകർ ഗ്രൂപ്പ്തിരിഞ്ഞുള്ള ചർച്ചയിൽ അതതു യൂണിവേഴ്സിറ്റി പരിധിയിൽ വരുന്ന പ്രത്യേകപ്രശ്നങ്ങളും ചർച്ചയ്ക്ക്



ഡോ. കെ.കെ. ജോർജ്ജ്, പ്രൊ. ആർ. മോഹനകുമാർ, പ്രൊ. ടി.കെ. തോമസ്, പ്രൊ. പി.ഡി. ശശിധരൻ



പ്രൊഫ ജോയി ജോബ് കുളവേലിൽ



പ്രൊഫ വി.എൻ. മുരളി

വിഷയമാക്കി. അടുത്തദിവസം റിപ്പോർട്ടിങ്ങിനു വേണ്ടിയുള്ള രേഖകൾ തയ്യാറാക്കി. രാത്രി 11.30 ന് ഗ്രൂപ്പു ചർച്ചകൾ പര്യവസാനിച്ചു.

## ആഗോളവൽക്കരണവും വിദ്യാഭ്യാസവും

ആഗസ്റ്റ് 13, ഞായറാഴ്ച, 'ആഗോളവൽക്കരണവും വിദ്യാഭ്യാസവും' എന്ന വിഷയത്തെ അധികരിച്ച നടന്ന ചർച്ചയിൽ സഃ സി.ഭാസ്കരൻ മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസവും ആരോഗ്യരംഗവും ഉൾപ്പെടുന്ന സാമൂഹികമേഖലയാണ് ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഭാരം വഹിക്കേണ്ടി വരുന്നത്. ഇത് പൊതുവിദ്യാഭ്യാസത്തെ തകർക്കുകയും സ്വാശ്രയ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്ന ഒരു സാമുഹിക ചുറ്റുപാട് സൃഷ്ടിക്കുമെന്ന് സഃ ഭാസ്കരൻ തന്റെ വിശകലനത്തിൽ ചൂണ്ടിക്കാട്ടി. സംസ്ഥാനസെക്രട്ടറിമാരായ പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ സ്വാഗതവും, പ്രൊഫ. എ. പി. കുട്ടികൃഷ്ണൻ നന്ദിയും പറഞ്ഞു.

ക്രെഡൻഷ്യൽ കമ്മറ്റി റിപ്പോർട്ട് ഡോ. പി. എസ്. മോഹൻകുമാർ അവതരിപ്പിച്ചു. 156 പേർ രജിസ്റ്റർ ചെയ്ത ക്യാമ്പിൽ 138 പേർ ക്രെഡൻഷ്യൽ ഫോമുകൾ നൽകി. ക്യാമ്പിൽ പങ്കെടുത്ത അൻപത് ശതമാനം അധ്യാപകരും സെലക്ഷൻ ഗ്രേഡ് വിഭാഗത്തിൽപ്പെട്ടവരും ബഹുഭൂരിപക്ഷം (62 ശതമാനം) പേരും 41-50 ഏജ്ഗ്രൂപ്പിൽ ഉള്ളവരുമാണ്.

യുണിവേഴ്സിറ്റി മേഖല അടിസ്ഥാനമാക്കി നടന്ന ഗ്രുപ്പ് ചർച്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ജനറൽ സെക്രട്ടറി വിശദമായി മറുപടി പറഞ്ഞു. ബ്രാഞ്ചുകൾ ശക്തിപ്പെടുത്തി ഒരു വികേന്ദ്രീകൃത പ്രവർത്തന ശൈലി രൂപപ്പെടുത്തി, അവകാശ സംരക്ഷണപ്രക്ഷോഭണങ്ങൾക്കൊപ്പം അക്കാദമിക് പരിഷ്കാരങ്ങൾക്കും നേതൃത്വം നൽകാൻ സംഘടനാപ്രവർത്തകർ സജ്ജരാകണമെന്ന് ജനറൽ സെക്രട്ടറി അഭ്യർത്ഥിച്ചു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിച്ചേർന്ന് ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിന് സഹകരിച്ച എ.കെ.പി.സി.ടി.എ പ്രവർത്തകർക്കും, ക്യാമ്പ് സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയ സംസ്ഥാനപ്രസിഡന്റ്, ജനറൽ സെക്രട്ടറി, എറണാകുളം ജില്ലാ കൗൺസിൽ അംഗങ്ങൾ എന്നിവർക്കും എറണാകുളം ജില്ലാ സെക്രട്ടറി ഡോ. രാജൻ വറുഗ്ഗീസ് നന്ദി പ്രകാശിപ്പിച്ചു. രണ്ടു മണിക്ക് ക്യാമ്പ് സമാപിച്ചു.

തയ്യാറാക്കിയത്:
ഡോ. രാജൻ വറുഗ്ഗീസ് (യു.ഡി. കോളജ്, ആലുവ)
പ്രൊഫ. കെ.വി.ശശിധരൻ (എം.എ കോളജ്,കോതമംഗലം)

# 'മലയാള സിനിമയും സാഹിത്യവും' പ്രകാശനം ചെയ്തു



സാഹിത്യകാരനും പ്രമുഖ ചലച്ചിത്ര സംവിധായകനും, എ.കെ. പി.സി.ടി.എ.യുടെ സജീവ പ്രവർത്തകനുമായ ശ്രീ മധു ഇറവങ്കര രചിച്ച 'മലയാള സിനിമയും സാഹിത്യവും' എന്ന ഗ്രന്ഥം തിരുവനന്തപുരത്തുവച്ച് ഫെബ്രുവരിയിൽ നടന്ന ചടങ്ങിൽ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ശ്രീ.പി.ഗോവിന്ദപ്പിള്ളയ്ക്ക് ആദ്യപ്രതി നല്കി പ്രകാശിപ്പിച്ചു. മലയാളസിനിമയെയും സാഹിത്യത്തെയും അടുത്തറിയുവാനും അപഗ്രഥിക്കാനുമുള്ള ആദ്യ ശ്രമമെന്ന നിലയിൽ ഡി.സി.ബുക്സ് പ്രസാധനം ചെയ്ത ഈ ഗ്രന്ഥം പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ രസതന്ത്രവിഭാഗം അദ്ധ്യാപകനാണ് ശ്രീ. മധു ഇറവങ്കര.

# പ്ലസ് ടു രാഷ്ട്രീയം: അക്കാദമിക കാഴ്ചപ്പാടിൽ

പ്രൊഫ. ജോയ് ജോബ് കുളവേലിൽ
പ്രസിഡന്റ് എ. കെ. പി. സി. ടി. എ

ആഭ്യന്തര ഉൽപ്പാദനത്തിന്റെ (എസ്.ഡി.പി) 6 ശതമാനവും മൊത്തം റവന്യൂ ചെലവിന്റെ മുപ്പതിലധികം ശതമാനവും വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്ന ഇന്ത്യയിലെ ഏകസംസ്ഥാനമായ കേരളം ഉപരി വിദ്യാഭ്യാസ മേഖലയിലെങ്കിലും പിന്നോക്കമാണെന്ന ദുഃഖസത്യം അവശേഷിക്കുന്നു. പ്ലസ്ടു വ്യാപകമാക്കുന്നതോടെ സർക്കാരിന്റെ വിദ്യാഭ്യാസ മുതൽമുടക്ക് ഇനിയും വർദ്ധിക്കാനാണിട. ഇത്രയൊക്കെ മുടക്കിയിട്ടും ഈ പറിച്ചു നടലിൽ കുടുതൽ കാര്യക്ഷമമാക്കാനുള്ള സമീപനമല്ല, മറിച്ച് ഏതൊരു നല്ലകാര്യത്തേയും ചീത്തയാക്കാനും രാഷ്ട്രീയ ആയുധമാക്കാനുമാണ് ഇവിടെ ശ്രമം. ശാസ്ത്രസാങ്കേതിക കുതിച്ചുചാട്ടം ഉൾക്കൊണ്ട് വിദ്യാഭ്യാസ നവീകരണത്തിന്റെയും, പുനഃസംഘാടനത്തിന്റെയും മാർഗ്ഗങ്ങൾ കൂട്ടായി ചർച്ചചെയ്യുന്നതിനു പകരം നടക്കുന്നത് കോലാഹലങ്ങളാണ്. കേരള വികസന മാതൃക (Kerala Model Development) യുടെ ആഗോള പ്രചാരകൻ കൂടിയായ നോബൽ ജേതാവ് ഡോ.അമർത്യാസെന്നിനെപ്പോലുള്ളവരെ ഉദ്ധരിച്ച് കോലാഹലക്കാർ അവരുടെ വാദഗതികൾ ന്യായീകരിക്കാൻ ശ്രമിക്കുമ്പോൾ അതിനു മറുപടി നൽകേണ്ടത് അക്കാദമിക സമൂഹമാണ്. അക്കാദമിക സമുഹം ഈ കോലാഹലത്തിന്റെ രാഷ്ട്രീയ് തിരിച്ചറിയണം. അന്യരായി നോക്കിനിന്നുകുടാ. വരാനിരിക്കുന്ന രാഷ്ട്രീയ പോരാട്ടങ്ങൾ മാത്രം കണ്ടുകൊണ്ട് നടത്തുന്ന ഈ പേക്കൂത്തുകൾ തുറന്ന് എതിർക്കാനും വിദ്യാഭ്യാസ പുനഃസംഘാടനം ഫലപ്രദമായി നടത്തി വിജയിപ്പിക്കാനുമായി മുന്നിട്ടിറങ്ങേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയം കൈകാര്യം ചെയ്യാൻ അക്കാദമിക് സമൂഹത്തിനും ബാദ്ധ്യതയുണ്ട്. ഇതിൽ നിന്നും ഒഴിഞ്ഞുമാറിയാൽ തകരാറിലാകുന്നത് കേരളത്തിന്റെ ഭാവിയായിരിക്കും.

പ്ലസ്ടു സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിൽ കേരളം വൈകി എന്നല്ല, വളരെ വൈകി എന്ന് പറയുന്നതാവും ശരി. കോത്താരി അദ്ധ്യക്ഷനായുള്ള ദേശീയ വിദ്യാഭ്യാസ കമ്മീഷനും (1964 – 66) രാജീവ് ഗാന്ധിയുടെ ഭരണകാലത്ത് നിയമിതമായ നാഷണൽ പോളിസി ഓഫ് എഡ്യൂക്കേഷനും (N.P.E 1986) വി.പി.സിംഹ് എൻ.പി.ഇ റിവ്യൂ ചെയ്യാൻ ഏർപ്പെടുത്തിയ ആചാര രാമമൂർത്തി കമ്മീഷനും (1990), 1992ലെ പ്രോഗ്രാം ഓഫ് ആക്ഷനും (P.O.A- 1992) എല്ലാം 11, 12 ക്ലാസുകളുടെ സ്ഥാനത്തെ പറ്റിനടത്തിയിട്ടുള്ള നിഗമനങ്ങൾ, നിർദ്ദേശങ്ങൾ, മാർഗ്ഗരേഖകൾ, ഒന്നും തന്നെ കേരളത്തിന്റെ അതിസങ്കീർണ്ണവും സവിശേഷവുമായ സാഹചര്യം മൂലം നടപ്പിലാക്കാൻ കഴിയാതെ പോയി. ഇതിനൊരപവാദം 1990, 1991 കാലഘട്ടത്തിൽ എൽ.ഡി.എഫ് മന്ത്രിസഭ ആരംഭിച്ച 100ൽ താഴെവരുന്ന പ്ലസ്ടുസ്കൂളുകളാണ്. എന്നാൽ ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും പ്ലസ്ടു സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായിക്കഴിഞ്ഞു. 10–ാം ക്ലാസ് കഴിഞ്ഞുവരുന്ന കുട്ടികൾ ശാരീരികമായും മാനസികമായും, ബുദ്ധിപരമായും ഒരു പ്രത്യേക ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ ഘട്ടത്തിൽ കുട്ടികൾ സ്കൂളിൽ തന്നെ തുടരുന്നതാണ് നല്ലതെന്നുള്ള അഭിപ്രായമാണ് വിദ്യാഭ്യാസ ചിന്തകർക്കും, മനശാസ്ത്ര പണ്ഡിതന്മാർക്കും ഉള്ളത്. 10–ാം ക്ലാസിൽ നിന്ന് നേരിട്ട് സർവ്വകലാശാലകളിലേക്ക് എന്ന രീതി തുടരുന്നതുകൊണ്ട് കൗമാരപ്രായക്കാരായ ഈ വിഭാഗം കുട്ടികൾ പലതരം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു എന്നതും സവിശേഷ ശ്രദ്ധ അർഹിക്കുന്നു.

പ്ലസ്ടു ലവലിൽ നമ്മൾ മുഖ്യധാരയിൽ അല്ല എന്നുള്ളത് മറ്റുപല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണമായി 11, 12 ക്ലാസ് തലങ്ങൾക്ക് കിട്ടേണ്ടുന്ന സാമ്പത്തികസഹായം കേന്ദ്ര ഏജൻസികളിൽ നിന്നും പലപ്പോഴും കിട്ടാതെ വരുന്നു. കാരണം പ്ലസ്ടു സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായിരിക്കണം. ഒപ്പംതന്നെ പ്രീഡിഗ്രിക്ക് സർവ്വകലാശാലാ തലവുമായി ബന്ധപ്പെട്ട് കിട്ടേണ്ടുന്ന സാമ്പത്തിക സഹായവും ലഭിക്കാതെ പോകുന്നു. കാരണം പ്രീഡിഗ്രി സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമല്ല. ഇങ്ങനെനോക്കുമ്പോൾ പലയിനം ഗ്രാന്റുകൾ നമുക്ക് നഷ്ടമാകുന്നു. കൂടാതെ നമ്മുടെ നഷ്ടം ഇരട്ടി നഷ്ടമായി ഭവിക്കുകയും ചെയ്യുന്നു. അതുകൊണ്ട്പ്ലസ്ടു എത്രയുംപെട്ടെന്നു തന്നെ സ്കൂൾ തലത്തിന്റെ ഭാഗമായി തീരേണ്ടത് കേരളത്തിന്റെ മൊത്തം വിദ്യാഭ്യാസ പുരോഗതിക്ക് അനിവാര്യമാണ്.

കൂടാതെ ഉപരിവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഗുണപരമായ പിന്നോക്കാവസ്ഥ മാത്രമല്ല, ഗണപരമായി പിന്നിലാണെന്ന് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു.

സ്കൂൾ തലത്തിലുള്ള ഉയർന്ന പ്രവേശന നിരക്കും കൊഴിഞ്ഞുപോകുന്നതിന്റെ കുറവും അനുസരിച്ചുള്ള സൗകര്യങ്ങൾ ഉപരിമേഖലയിൽ ഇല്ല എന്നുള്ളതാണ് സത്യം. പ്ലസ്ടു ലെവലിലുള്ള സൗകര്യങ്ങൾ ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്നു കാണാം. 9,10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ 47.8 ശതമാനം പേരാണ് പ്ലസ്ടുവിൽചേരുന്ന ദേശീയ ശരാശരി. കേരളത്തിൽ അത് 17.3 ശതമാനം മാത്രമാണ്. സ്കൂൾ തലത്തിൽ എൻറോൾമെന്റ് ഉയർന്നിരിക്കുമ്പോഴും ഉന്നതവിദ്യാഭ്യാസത്തിന്റെ കടമ്പ എന്ന് വിശേഷിപ്പിക്കാവുന്ന പ്ലസ്ടു തലത്തിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്നു കാണാം. അതുകൊണ്ടുതന്നെ പ്രീഡിഗ്രിയിൽ നിന്നും ഉന്നതവിദ്യാഭ്യാസത്തിന് ചേരുന്നവരുടെ ശതമാനം 13.8 മാത്രമാണ്. ദേശീയ ശരാശരിയാകട്ടെ 22.9 ശതമാനമാണ്. സ്കൂളിൽ നിന്ന് ഉന്നതവിദ്യാഭ്യാസത്തിന് എത്തുന്ന കുട്ടികളുടെ സംഖ്യാടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം 24ാമതാണ്. 100 ശതമാനം സാക്ഷരതയും ഉയർന്ന സ്കൂൾ എൻറോൾമെന്റും ഉള്ള ഒരു സംസ്ഥാനത്തിന് ഇത് ഭൂഷണമല്ല. കൂടുതൽ പ്ലസ്ടുവേണം എന്നതിലേക്കാണ് കേരളത്തിന്റെ അവസ്ഥ വിരൽചൂണ്ടുന്നത്. ഇവിടെയാണ് 106000 പ്രീഡിഗ്രി സീറ്റ് 175000 പ്ലസ്ടു സീറ്റാക്കി വർദ്ധിപ്പിച്ചതിന്റെ രാഷ്ട്രീയം. ഇത് ജനോപകാരപ്രദമായി പരിണമിക്കുന്നത് കാണാനുള്ള സഹിഷ്ണുത ചിലർക്കെങ്കിലും ഇല്ലാതെപോകുന്നു.

പ്രീഡിഗ്രി കോളേജുകളിൽ നിന്ന് മാറ്റേണ്ടത് വളർച്ച മുരടിച്ചിരിക്കുന്ന കോളേജുകളുടെ പുനഃസംഘാടനത്തിന്റെ ആദ്യപടിയാണ്. വമ്പിച്ച മുതൽമുടക്കുള്ള നമ്മുടെ കോളേജിയേറ്റ് മേഖല ദുർബലമാകുകയും ഉപയോഗശൂന്യമാകുകയും ചെയ്തുകൊണ്ടിരിക്കുകയാണെന്ന് ഇന്ത്യയുടെ മുൻ വിദേശകാര്യ സെക്രട്ടറി മുച്ച്കുണ്ട് ദുബൈ നോർത്ത് ബംഗാൾ സർവ്വകലാശാല ബിരുദദാന പ്രഭാഷണത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. കോടാനുകോടി മുതൽമുടക്കുള്ള കേരളത്തിലെ കോളേജിയേറ്റ് മേഖല പ്രത്യുൽപ്പാദനപരമായി പുനഃസംഘടിപ്പിച്ചു മാത്രമേ കേരളത്തിന് ഇൻഫർമേഷൻ ടെക്നോളജിയുടെ കാലഘട്ടത്തിൽ മുന്നോട്ടുകുതിക്കാൻ കഴിയുകയുള്ളൂ. ഇത്തരമൊരു വിദ്യാഭ്യാസ ചുവടുമാറ്റം ഉരുത്തിരിയാൻ പ്രീഡിഗ്രി പ്ലസ്ടുവായി മാറേണ്ടതുണ്ട്. അവശേഷിക്കുന്ന പ്രീഡിഗ്രി കോളേജുതലത്തിൽ തൽക്കാലം തുടരാൻ അനുവദിക്കുന്നത് കേരളത്തിന്റെ വികസന മോഹങ്ങൾക്ക് മങ്ങലേൽപ്പിക്കും. പ്രീഡിഗ്രിമാറുന്ന മുറക്കുണ്ടാകുന്ന ഭൗതികസാഹചര്യങ്ങൾ ഉപയോഗിച്ച് ബിരുദ-ബിരുദാനന്തര, ഗവേഷണതലങ്ങൾ പുനഃസംഘടിപ്പിക്കുന്ന തിരക്കിലാണ് സർവ്വകലാശാലകൾ. മഹാത്മാഗാന്ധി സർവ്വകലാശാല ബിരുദകോഴ്സുകൾ പുനഃസംഘടിപ്പിച്ചുകഴിഞ്ഞു. ഇന്റേർണൽ അസസ്മെന്റും, തുടർ അസസ്മെന്റും സെമസ്റ്റർ സിസ്റ്റവും കോളേജുകളിലേക്ക് വന്നുതുടങ്ങിക്കഴിഞ്ഞു. കേരള സർവ്വകലാശാല 2001ൽ ബിരുദാനന്തര തലത്തിൽ സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ പണിപ്പുരയിലാണ്. ഉന്നതവിദ്യാഭ്യാസ ക്രമത്തിന്റെ ഗുണപരമായ അംശങ്ങൾ വൈകിയെങ്കിലും ക്യാമ്പസുകളെ സജീവമാക്കിത്തുടങ്ങിയിരിക്കുന്നു. അദ്ധ്യാപകനെ ചുറ്റിപ്പറ്റി നിന്ന ഉന്നതവിദ്യാഭ്യാസം വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് തുടങ്ങിയതിന്റെ പച്ചപ്പ് ക്യാമ്പസുകളിൽ ദൃശ്യമാണ്. ഇതൊന്നും ഇവിടെ കലഹങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഇഷ്ടമാകാനിടയില്ല. പക്ഷേ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഇക്കാര്യം സ്വാഗതം ചെയ്തുകഴിഞ്ഞു. തൊഴിലധിഷ്ഠിതകോഴ്സുകളും, പ്രോജക്ടുകളും, ഇന്റർഡിസിപ്ലിനറി കോഴ്സുകളും, ഇന്റേൺ ഷിപ്പും വിദ്യാർത്ഥികൾക്ക് പുത്തൻ അനുഭവമായി തീരുകയാണ് ക്യാമ്പസുകളിൽ.

ഗുണപരമായ ഒരു വിദ്യാഭ്യാസ ചുവടുമാറ്റത്തിന് ഇനിയും കാത്തുനിൽക്കാൻ നമുക്ക് കഴിയില്ല. കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ ഏജൻസികളും ഈ രംഗത്തേക്ക് കടന്നുവന്ന് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബഹുമാന്യനായ എൻ.എസ്.എസ് ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ നേതൃത്വവുമായി നടത്തിയ ചർച്ചയുടെ ചുവടു പിടിച്ച് കോളേജുകളെ ഗുണപരമായ ഒരു മാറ്റത്തിന് വിധേയം ആക്കാനുള്ള ഏർപ്പാടുകൾ ചെയ്തുതുടങ്ങിയിരിക്കുന്നു എന്നുള്ളത് പ്രതീക്ഷ നൽകുന്നു. മന്നത്തുപത്മനാഭനെപ്പോലുള്ളവർ പിടിഅരി പിരിച്ച് കെട്ടിപ്പൊക്കിയ സ്ഥാപനങ്ങൾ കാലികമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ആ സമുദായത്തിന്റെ ഇന്നത്തെ നേതാക്കൾ മനസ്സിലാക്കുന്നു എന്നത് ആഹ്ലാദകരമാണ്. കൂടാതെ വിദ്യാഭ്യാസ പുനഃസംഘാടനത്തിനായി കഴിഞ്ഞ വർഷം മാനവീയത്തിന്റെയും എ.കെ.പി.സി.ടി.എയുടെയും നേതൃത്വത്തിൽ സർവ്വകലാശാലകളുടെ പിന്തുണയോടെ വളർന്നുവന്ന കൂട്ടാഴ്മ ഈ രംഗത്തൊരു പുത്തൻ അനുഭവമായി. മാനേജ്മെന്റ് അസോസിയേഷൻ നേതാക്കൾ, പ്രിൻസിപ്പൽ കൗൺസിൽ നേതാക്കൾ, വൈസ് ചാൻസലർമാർ, രാഷ്ട്രീയ നേതാക്കൾ, അദ്ധ്യാപക നേതാക്കൾ, വിദ്യാർത്ഥിനേതാക്കൾ തുടങ്ങി വിദ്യാഭ്യാസത്തിലെ "ഘടകകക്ഷികൾ" എല്ലാം ഒത്തുചേർന്നൊരു കൊളോക്യം സംഘടിപ്പിക്കുകയുണ്ടായി. ഈ കൂട്ടായ്മയുടെ സാദ്ധ്യതകൾ ആരായുന്നതിനു പകരം കൂട്ടാഴ്മ തകർക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. ഈ കൂട്ടാഴ്മയിൽ എത്താമെന്ന് ഏറ്റിരുന്നവർ തന്നെയാണ് വിദ്യാഭ്യാസത്തിന്റെ പേരിൽ ഇന്നുനടക്കുന്ന കോലാഹലങ്ങൾ സൃഷ്ടിക്കുന്നതെന്നത് ശ്രദ്ധേയമാണ്. മനുഷ്യവിഭവശേഷി വികസിപ്പിച്ചുമാത്രം മുന്നേറാൻ കഴിയുന്ന ഒരു സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കുനേരെ ഇക്കൂട്ടർ പുറംതിരിഞ്ഞുനിൽക്കുന്ന രാഷ്ട്രീയ നിലപാട് ഇത് ആദ്യമല്ല.

അനുവദിച്ച പ്ലസ്ടുസ്കൂളുകളിൽ 45 ശതമാനത്തോളം പൊതുഉടമയിലുള്ള സ്ഥാപനങ്ങളാണ്. ആഗോളവൽക്കരണത്തിന്റെയും, ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവാണിജ്യവൽക്കരണ ദേശീയസമീപനങ്ങളുടെയും നാളുകളിൽ ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് ഏതാണ്ട് പകുതിയോളം സ്ഥാപനങ്ങൾ സർക്കാർ ഉടമസ്ഥതയിൽ നടക്കുന്ന ചരിത്രമുണ്ടോ? അയൽ സംസ്ഥാനങ്ങൾ ഉൾപ്പെടെ ഒരു പരിശോധനക്ക് വിഷയീഭവിപ്പി

ക്കാൻ ഇവിടത്തെ കലഹക്കാർ തയ്യാറാകണം. പ്രീഡിഗ്രി തലത്തിൽ സർക്കാർവക കോളേജുകളിൽ 14% സീറ്റുമാത്രമാണ് ഉണ്ടായിരുന്നത്. ഈ 14 ശതമാനമാണ് ഇപ്പോൾ 45 ശതമാനമാക്കി ഉയർത്തിയതെന്ന് കേരളത്തിലെ പ്രബുദ്ധ ജനത മനസ്സിലാക്കുന്നുണ്ട്. കലാപകാരികൾക്ക് സമരത്തിന് ആളുകിട്ടാതെ വരുന്നതിന്റെ ഒരു കാരണം ഈ തിരിച്ചറിവാണ്. ഈ 45% സ്കൂളുകളിൽ എങ്കിലും വിദ്യാർത്ഥിപ്രവേശനവും അദ്ധ്യാപക-അനദ്ധ്യാപക നിയമനവും യോഗ്യതയുടെ അടിസ്ഥാനത്തിൽ നടക്കുമെന്നുള്ള കാര്യവും കേരളീയർ മനസ്സിലാക്കിയിരിക്കുന്നു. ഒരിടതുപക്ഷ സർക്കാരിനു മാത്രമേ ഇത്രധീരമായ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസ മുതൽമുടക്കിൽ നിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിൻവലിയുന്നൊരു കാലഘട്ടത്തിൽ ഇത്രധീരമായൊരു വിദ്യാഭ്യാസ പരിഷ്ക്കാരം ഒരു പുരോഗമന സർക്കാരിനു മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. ഈ സംരംഭം ഒരു കാരണവശാലും നന്നായി നടക്കരുതെന്നും, അതിനൊരു ശുഭപര്യവസാനം ഉണ്ടാകരുതെന്നും പ്രക്ഷോഭകർക്ക് വാശിഉള്ളതുപോലെ തോന്നുന്ന പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്. പ്ലസ്ടു പരിഷ്ക്കാരം ഇല്ലത്തുനിന്ന് പുറപ്പെട്ട് അമ്മാത്ത് എത്താത്ത ഒരവസ്ഥയിൽ എത്തിക്കാനുള്ള ഒരു രാഷ്ട്രീയ തന്ത്രമാണ് ഇവിടെ അരങ്ങേറുന്നത്. അത് സംസ്ഥാനത്തിന്റെ ദീർഘകാല വിദ്യാഭ്യാസ താൽപര്യങ്ങൾക്ക് യോജിച്ചതല്ലെന്ന് പ്രത്യേകം പറയേണ്ടതില്ല. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന അർബൻ/സമ്പന്നവർഗ്ഗ (elitest) ആഭിമുഖ്യം തിരിച്ചറിയേണ്ടതുണ്ട്. അർബർ കേന്ദ്രീകൃതമായ പ്രീഡിഗ്രിയെ പ്ലസ്ടുവായി ഇടതുപക്ഷ സർക്കാർ മാറ്റിയപ്പോൾ അതിനൊരു റൂറൽ ആഭിമുഖ്യം നൽകുകവഴി സാധാരണക്കാർക്കും ഗ്രാമീണർക്കും ഉപരിവിദ്യാഭ്യാസത്തിലേക്കുള്ള കവാടം തുറന്നു കിട്ടുകയാണ് ചെയ്തിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ അർബർ ആഭിമുഖ്യം സർവ്വകലാശാല യൂണിയനുകൾ ഡോ.കെ.കെ.ജോർജിന്റെ മേൽനോട്ടത്തിൽ നടത്തിയ പഠനങ്ങളിലൂടെ വെളിപ്പെടുത്തുന്നുണ്ട്. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന 75 ശതമാനത്തോളം വരുന്ന ജനസാമാന്യത്തിന്റെ കുട്ടികളിൽ വളരെച്ചെറിയ ഒരു ശതമാനം മാത്രമാണ് പ്രൊഫഷണൽ മേഖലയിൽ പ്രവേശനം കിട്ടുന്നത്. ഗ്രാമീണ മേഖലയ്ക്ക് സംവരണം എന്ന ആശയം കൊണ്ടുവരുന്നതിലേക്ക് എസ്.എഫ്.ഐ പോലുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങളെ പ്രേരിപ്പിക്കുന്നത് ഗ്രാമീണമേഖല ഉപരിവിദ്യാഭ്യാസത്തിൽ നിന്ന് പിൻതള്ളപ്പെടുന്നുവെന്ന തിരിച്ചറിവാണ്. ഗ്രാമപ്രദേശങ്ങളിൽ വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കളുടെ കുട്ടികൾ (ഫസ്റ്റ് ജനറേഷൻ സ്റ്റുഡൻസ്) ഉപരിവിദ്യാഭ്യാസ മേഖലയിൽ എത്താത്തതുകൊണ്ട് വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യനീതി (equity) മരീചികയായി തുടരുന്നു. ഈ സ്ഥിതി മാറ്റിയെടുക്കാൻ ഗ്രാമപ്രദേശങ്ങളിൽ ആരംഭിക്കുന്ന പ്ലസ്ടു പരിഹാരമായിത്തീരും. ഗ്രാമീണ കുട്ടികൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും സ്വപ്നം കാണാനുള്ള അവസരമൊരുങ്ങും.

വിശാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ ഒരു ജനാധിപത്യവ്യവസ്ഥയിൽ കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ പിന്നോക്കക്കാരിൽ പ്രത്യാശയും പ്രതീക്ഷയും സ്വപ്നങ്ങളും നൽകുന്നു. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ അവസരങ്ങൾ കഴിവതും തുല്ല്യമായി ഒരുക്കേണ്ട ഉത്തരവദിത്വം സർക്കാരിനുണ്ടെന്ന് യു.ജി.സി നിയമിച്ച വിദ്യാഭ്യാസ കമ്മീഷൻ ഡോ.കെ.പുന്നയ്യ (1993) തന്റെ റിപ്പോർട്ടിൽ അടിവരയിട്ടുപറയുന്ന കാര്യം കേരള സർക്കാർ അക്ഷരാർത്ഥത്തിൽ നടപ്പാക്കാൻ പ്ലസ്ടുവിലൂടെ ശ്രമിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലക്കും, കാർഷികമേഖലക്കും, പിന്നോക്കം നിൽക്കുന്നവർക്കും ഉപരിവിദ്യാഭ്യാസത്തിന്റെ എൻട്രൻസ് എന്ന് വിശേഷിപ്പിക്കാവുന്ന പ്ലസ്ടു ലഭ്യമാക്കാൻ അവസരം സൃഷ്ടിച്ചുകൊടുത്തതിനെപ്പറ്റി കോലാഹലം സൃഷ്ടിക്കുന്നവർക്ക് വല്ലതും പറയാനുണ്ടോ? ഉള്ളവന് സബ്സിഡി നൽകുകയും ഇല്ലാത്തവന് നികുതി ചുമത്തുകയും ചെയ്യുന്ന ഇന്നത്തെ രീതി മാറ്റങ്ങൾക്ക് വിധേയമാകുന്നത് ലോക ബാങ്ക് ഐ.എം.എഫ് കുറിപ്പടിപ്രകാരം രാജ്യം ഭരിച്ച് മുടിച്ച ക്ഷേമരാഷ്ട്ര വിരോധികൾക്ക് സ്വീകാര്യമാകുമെന്ന് കരുതാൻ ന്യായങ്ങളില്ല. □

# തിളക്കമാർന്ന വിജയം

മഹാത്മാഗാന്ധി കോളജ് കൗൺസിലിലേക്കുള്ള അദ്ധ്യാപക പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ യുടെ മുഴുവൻ സ്ഥാനാർത്ഥികളും വിജയിച്ചു. ഒട്ടേറെ അംഗങ്ങൾ എഫ്.ഐ.പിയ്ക്കു പോയ സാഹചര്യത്തിലും സംഘടനയുടെ സ്ഥാനാർത്ഥികൾ നേടിയ മികച്ച ഭൂരിപക്ഷം വിജയത്തിൻെറ മാററു വർദ്ധിപ്പിക്കുന്നു. പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ, പ്രൊഫ. കെ.എസ്. സദാശിവൻനായർ (ബ്രാഞ്ച് സെക്രട്ടറി), പ്രൊഫ. എം.കെ ശരച്ചന്ദ്രൻനായർ എന്നിവരാണ് ജയിച്ചത്.

**അനുമോദനങ്ങൾ... ആശംസകൾ...**

# akpcta Academic Committee: Action plan for 2000-2001

**In pursit of Excellence and Equity through Consultation and Consensus**

A NOTE FOR DISCUSSION

**1. Alternative proposals for the proper implementation of the U. G. C. Scheme.**

The draft proposals prepared by the Academic Committee were discussed at public sessions held at the University Centres of Kannur, Kozhikode, Kochi, Kottayam and Thiruvananthapuram. The proposals were modified in the interests of arriving at a consensus among the students, teachers, principals, managers, university representatives and academicians who took part the deliberations and then submitted for the consideration of the universities and the Government. Copies of the Alternative Proposals were sent to individual units for discussion.

**2. Colloquium Special of the Kerala Private College Teacher**

The papers presented at the colloquium on Higher Education 2001 held in February this year have been put together along with a brief report on the discussions held on them in the special July issue of the journal. This is intended to facilitate further discussion at the unit and district levels with a view to making a detailed study of all issues raised in the colloquium so as to help the Association formulate a comprehensive policy statement on them in December this year. To faciliate this, the Academic Committee conveners of units/districts are requested to send detailed reports on the dicussions held to the state convener before the 30th of November.

**3. Policy Perspective on Restructuring Undergraduate courses and Examination Reforms.**

Draft proposals in respect of the above have been prepared after a year long discussion at various levels. The proposals presented in the Academic Special issue of the Journal may be further scrutinized and suggestions for changes, if any, sent to the state convener. The finalised proposals will be submitted for the consideration of the universities and the Government this year.

**4. Restructuring the Curriculum for Post-graduate Courses.**

Draft proposals for the Curriculum Reforms in Social Sciences, Languages, Commerce and Sciences have already been prepared by Dr. Rajan Gurukkal, Dr. P.P.Ravindran, Dr. K.K. Balachandran & Dr.A.P. Thomas respectively. The first two have appeared in the Academic Special issue of the journal and the last two will be presented in the next issue. The Core Committee in various subjects have to dicusss these proposals in detail in consultation with experts in the field and send their suggestions to the state convener for the purpose of coordinating the finalisation of the proposals. This has to be done before the 30th of November, so as to enable the Academic Committe to formulate the policy perspectives of the Association in this regard in December this year.

**5.Assessment and Accreditation**

The Association's approach to Assessment and Accreditation is open and ambivalent. The study undertaken by the peer team of the Association has identified some of the positive and negative aspects of the pocess and it is proposed that a second round of objective, data based study be undertaken in colleges which have undergone the process of Assessment and Accrediation, so as to assess the impact of the process on the realization of the goals of Excellence and Equity in Higher Education. Individual units are requested to co-operate with the study whole heartedly. Meanwhile units which are faced with the propects of Assessment and Accreditation in their colleges may extend their critical co-operation with the process. The opportunity should also be used to assesss the process in relation to the study undertaken by the Association and to report the findings to the Association.

**6. Status Report on the utilization of the additional infrastructural facilities provided by the restructuring of pre-degree courses.**

The restructuring of Pre-Degree courses has placed at the disposal of college vast infrastructural facilities. It is to be ensured that facilities are properly utilized for the expansion and modernization of Higher Education in tune

with the principles of Excellence and Equity. It is feared that the opportunity might be misused by interested elements for the commercial exploitation of the campuses with utter disregard of existing laws and regulations. It is requested that individual units give a status report on the courses/ programmes which are currently given in their colleges and which are not affiliated to the universities concerned. A proforma for the same will be sent to unit secretary/Academic Committee convener of each unit. It is hoped that the Association will be able chart out a programme of action to resist the illegal/unethical inroads into the affiliating system without discouraging the introduction of need based enrichment courses at cost effective rates to students in the campus it self.

### 7. Re-organisation of Academic Committee and Core Committees

The state Academic Committee of the Association has been reorganised to ensure district wise representation in the Committee for the purpose of decentralizing the academic activities of the Association. The activities of individual units in a district will now be co-ordinated by the Academic Committee member in charge of the district. The working committee has decided that members of the Academic Committee be co-opted to the respective District Committees.

### 8. Resource Mobilization

The diverse activities of the Academic Committee can be conducted only if individual units collect the Special Academic Fund of Rs. 25/- per member along with the membership fee at the earliest as decided by the Working Committee. It has been decided that each University level Core Committee be given a maximum of Rs. 1000/- for the conduct of its activities. University level Area Secretary could be entrusted with Rs. 4000/- and District level Academic Committee Member with Rs. 1000/- for the co-ordination of academic activities, university-wise and district-wise. Additional resources will have to be mobilized with the assistance of respective district committees. ❑

## കോളജ് കൗൺസിൽ തെരഞ്ഞെടുപ്പ്

കളമശ്ശേരി സെന്റ് പോൾസ് കോളജ് കൗൺസിലിലേക്ക് ആഗസ്റ്റ് 4 ന് നടന്ന തെരഞ്ഞെടുപ്പിൽ എ.കെ.പി.ടി.സി.ടി.എ. പ്രതിനിധികളായ കെ.വി.നീലകണ്ഠ ശർമ്മ (മാത്തമാറ്റിക്സ്), കെ.വി.മേരിജെൽ ത്രൂത് (ഫിസിക്സ്) എന്നിവരെ തെരഞ്ഞെടുത്തു. നീലകണ്ഠ ശർമ്മ എ.കെ.പി.സി.ടി.എ ബ്രാഞ്ച് ട്രഷറർ ആണ്.

**അനുമോദനങ്ങൾ... ആശംസകൾ...**

# പ്രൊഫ. ജി. കുമാരപിള്ള അന്തരിച്ചു



*ഒരു നേർത്ത ചലനത്തിൻ നിഴൽപോലുമേൽക്കാ-
ത്തൊരവസാനനിദ്രയിലാണ്ടുപോയി....*

പ്രഗത്ഭനായ അധ്യാപകൻ, ആദർശധീരനായ സാമൂഹ്യപ്രവർത്തകൻ, പ്രമുഖനായ ഗാന്ധിയൻ, കവി എന്നീ നിലകളിൽ ശ്രദ്ധേയമായ വ്യക്തിത്വത്തിനുടമയായിരുന്നു 17-10-2000 ന് അന്തരിച്ച പ്രൊഫ. ജി.കുമാരപിള്ള. പെരിങ്ങര ഗോപാലപിള്ളയുടെയും പി.ജി. പാർവ്വതി അമ്മയുടെയും മകനായി 1923 സെപ്തംബർ 23 ന് ജനിച്ച കുമാരപിള്ള ചങ്ങനാശ്ശേരി സെന്റ് ബർക് മെൻസ് കോളജിൽ നിന്ന് മലയാളം ബി. എ ഒന്നാം റാങ്കോടെ ജയിച്ചു. നാഗ്പൂർ സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷിൽ മാസ്റ്റർ ബിരുദം നേടിയ അദ്ദേഹം തൃശൂർ സെന്റ് തോമസ് കോളജ്, തിരുവനന്തപുരം മഹാത്മാ ഗാന്ധി കോളജ്, യൂണിവേഴ്സിററി കോളജ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി കോളജിൽ അധ്യാപകനായിരിക്കെ അദ്ദേഹത്തെ മടപ്പള്ളി ഗവൺമെന്റ് കോളജിലേക്ക് സ്ഥലം മാറ്റിക്കൊണ്ടുള്ള ഉത്തരവുണ്ടായപ്പോൾ അതിനെതിരെ വിദ്യാർത്ഥികൾ സമരം നടത്തിയതും ഉത്തരവു റദ്ദു ചെയ്യിച്ചതും പ്രൊഫ.ജി. കുമാരപിള്ളയെന്ന അധ്യാപകൻ വിദ്യാർത്ഥികൾക്ക് എത്രമാത്രം പ്രിയങ്കരനായിരുന്നു എന്ന് തെളിയിച്ചു. 1938 ലാണ് അദ്ദേഹത്തിന്റെ ആദ്യകവിത പ്രസിദ്ധീകൃതമായത്. മരുഭൂമിയുടെ കിനാവുകൾ, അരളിപ്പൂക്കൾ, സപ്തസ്വരം, ശതാബ്ദങ്ങളുടെ ശബ്ദം, വംശവൃക്ഷം, ഓർമ്മയുടെ സുഗന്ധം എന്നിവ പ്രധാന കൃതികളാണ്. കേരളസാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ സമ്മാനം, കവിതയ്ക്കുള്ള കുമാരനാശാൻ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

മഹാനായ ആ അധ്യാപകന്റെ, കവിയുടെ, സാമൂഹ്യപ്രവർത്തകന്റെ നിര്യാണത്തിൽ എ.കെ.പി.സി.ടി.എ ദുഃഖിക്കുന്നു, ആദരാഞ്ജലികളർപ്പിക്കുന്നു.

# Anti-Betrayal Day

Under the banner of the All India Federation of University and College Teachers Organisations (AIFUCTO) University and college teachers observed Sept.5, Teacher's Day, as "Anti Betrayal Day" and courted arrest in front of the MHRD in Delhi.

Teachers are forced to resort to this action because the MHRD and UGC had gone back on their promises on several issues which were part of the agreement with the AIFUCTO leaders arrived at on September 5, 1998. On that day, the AIFUCTO, as a culmination of their 26 day long all-India strike, had organised an unprecidented programme at the MHRD, in which more than 20,000 from all over the country had courted arrest.

## Central Issue

The central issue settled at the time of agreement, was the third promotion for those who did not have an M.Phil or Ph.D degree. While acknowledging receipt of the AIFUCTO's proposal on the issue, the MHRD had assured the AIFUCTO leadership that it would be cleared by them within four weeks after receiving it from the UGC. The UGC, in turn sent the proposal to the MHRD in Oct. 1998, after consideration by the commission. It proposed that for non-Ph.Ds a Super Selection Grade of Rs. 16,400 to 20,900 might be given. The MHRD marked time on the issue.

Then, in a tripartite meeting on July 12, 2000 (between the MHRD, UGC and FEDCUTA - the AIFUCTO was not invited), the education secretary, MHRD, stated that according to the minister, Murali Manohar Joshi, no understanding existed with the AIFUCTO leadership on the issue despite the written agreement of Sept. 5 1998, and the subsequent proposal of the UGC. Teachers all over the country naturally strongly reacted and were tremendously agitated over the betrayal by the BJP minister of MHRD.

## Supplementary Demands

(i) Teachers were also demanding implementation of the Career Advancement Scheme (CAS) with effect from January 1, 1996 (the date of the last pay revision) instead of July 27, 1998. The UGC notification of Dec.24, 1998, had provided that the CAS would be effective from Jan 1, 1996. Later the MHRD arbitarily changed this date to July 27, 1998. The CAS has already been implemented the Agricultural Universities from the earlier date.

(ii) Withdrawal of "Vetopower" given to UGC observers in the selection committees for the promotion of teachers.

(iii) Withdrawal of anti-teacher measures

For the realization of these demands the teachers owing allegience to FEDCUTA had organised a bandh on August 14,2000.

The teachers under the leadership of the AIFUCTO also staged a demonstration in front of the UGC on Sep. 14, 2000, as part of their preparation for another prolonged struggle to fight against the anti-teacher stand and actions of the BJP Government and for the resolution of their just demands. ❑

## എ.കെ.പി.സി.ടി.എയ്ക്ക് എതിരില്ല

പാലക്കാട് എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപക പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളായ പ്രൊഫ. എൻ. രാജൻ ബാബു, പ്രൊഫ. എ. കെ. വാസുദേവൻ, ശ്രീ. കെ.ജി.ജോളി എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

**അനുമോദനങ്ങൾ... ആശംസകൾ...**

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001

Ph: 0487-335660

**PUBLISHERS & DISTRIBUTORS FOR**

